# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 427 — 10.03.2015- ലെ മറുപടിക്ക്

## സഹകരണ സംഘങ്ങളുടെ വളർച്ച - കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>,, വി.റ്റി.ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എ.റ്റി.ജോർജ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയും കാര്യക്ഷമതയും എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന വിശദമാക്കാമോ? | (എ) സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതി യായ 'ആശ്വാസ്' നടപ്പിലാക്കി. നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള നിക്ഷപ സമാഹരണ പദ്ധതി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നിക്ഷേപ ഗ്യാരന്റി സ്കീം, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രതിനിധ്യം, സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാ ക്കുന്നതിന് കൺസ്യൂമർഫെഡിന്റെ പ്രവർത്ത നങ്ങൾ, ടൂറിസം രംഗത്ത് അപ്പക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹ കാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖല കളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, 'എന്റെ സംഘം', 'ഉണർവ്വ് ' ക്യാമ്പയിനുകൾ, സഹകരണ നിയമ ഭേദഗതി, സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണം, 7 ാം സഹകരണ കോൺഗ്രസ്സ്/എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശ രഹിത വായ്പാ പദ്ധതി, |

കാർഷിക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള 'മുഖാമുഖം' പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ എന്നീ കർമ്മപദ്ധതികളാണ് നടപ്പിലാക്കിയത്.

| | |
|---|---|
| ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്ത മാക്കുമോ; | (ബി). **2012 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2012 ലെ 13-ാം നിയമം)** |

പ്രസ്തുത നിയമ ഭേദഗതി പ്രകാരം, ജില്ലാ സഹകരണ ബാങ്കുകളുടെ നിർവചനം, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വിഭജനം എന്നിവ സംബന്ധിച്ച വകുപ്പ് 2 ലെ ഭേദഗതി, സ്പെഷ്യൽ ആഫീസറുടെ നിർവചനം, ജില്ലാ ബാങ്കിലെ അംഗത്വം, സ്പെഷ്യൽ ആഫീസറുടെ നിയമനം എന്നിവ സംബന്ധിച്ച് വകുപ്പ് 18, 28 എന്നിവയിൽ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2. 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2013 ലെ 8-ാം നിയമം)**

1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം പ്രകാരം വരുത്തിയ ഭേദഗതികൾ ചുവടെ ചേർക്കുന്നു.

1) വകുപ്പ് 2 : അസിസ്റ്റഡ് സൊസൈറ്റി, സംഘങ്ങളുടെ കണക്കുകളുടെ ആഡിറ്റ്, ചീഫ് എക്സിക്യൂട്ടീവ്, സഹകരണ തത്വങ്ങൾ, പലവക സംഘങ്ങൾ, നിർദ്ദേശിക്കപ്പെട്ട കാലാവധി എന്നിവയുടെ നിർവചനങ്ങൾ.

2) വകുപ്പ് 4 : സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വിഘാതമായതോ, സാമ്പത്തിക സ്ഥിരത കൈവരിക്കാൻ സാദ്ധ്യതയില്ലാത്തതോ ആയ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥ.

3) വകുപ്പ് 8 : ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് പോയാൽ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ.

4) വകുപ്പ് 9 : വകുപ്പ് 9 ൽ നിലവിലുണ്ടായിരുന്ന Control എന്ന വാക്ക് ഒഴിവാക്കുന്നതിന്.

5) വകുപ്പ് 9 എ : ഒരു സംഘത്തിന്റെ പേര് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

6) വകുപ്പ് 12 : നിർബന്ധിത ബൈലാ ഭേദഗതി ഒഴിവാക്കുന്നത്

7) വകുപ്പ് 13 എ : നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം ബൈലാ വ്യവസ്ഥകളെന്നത് സംബന്ധിച്ച്.

8) വകുപ്പ് 14 : സംഘങ്ങളുടെ സംയോജനം, ആസ്തി ബാധ്യതകളുടെ വിഭജനം, കൈമാറ്റം

9) വകുപ്പ് 14 A : സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്.

10) വകുപ്പ് 14 B : സഹകരണ സംഘങ്ങൾ പാർട്ണർഷിപ്പിൽ ഏർപ്പെടുന്നത് സംബന്ധിച്ച്.

11) വകുപ്പ് 16 A : സംഘങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ.

12) വകുപ്പ് 17 : സംഘങ്ങളുടെ താൽപര്യത്തിന് വിരുദ്ധമായ നിലപാടോ ബൈലാ വ്യവസ്ഥകൾ പാലിക്കാതിരിക്കലോ അംഗങ്ങളുടെ പുറത്താക്കലിന് കാരണമാകുന്നതിനും പുറത്താക്കുന്ന അംഗങ്ങളുടെ ഷെയർ ഫർഫീറ്റ് ചെയ്യുന്നതിനും, പുറത്താ ക്കപ്പെട്ടു കഴിഞ്ഞാൽ അടുത്ത ഒരു വർഷത്തേക്ക് പുനഃ പ്രവേശനം നൽകാതിരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ.

13) വകുപ്പ് 19 A : നിർദ്ദേശിക്കപ്പെടുന്ന തരത്തിൽ കുറഞ്ഞ എണ്ണം പൊതുയോഗത്തിൽ പങ്കെടുക്കാതെയും, സംഘത്തിന്റെ മിനിമം സേവനങ്ങൾ ഉപയോഗിക്കാതെയുമുള്ളവർക്ക് അംഗങ്ങളുടെ അവകാശം വിനിയോഗിക്കാൻ പാടില്ലെന്ന വ്യവസ്ഥ.

14) വകുപ്പ് 19 ബി : അംഗങ്ങൾക്ക് വിവരങ്ങൾ ലഭിക്കാനുള്ള അവകാശം.

15) വകുപ്പ് 28: സംഘം ഭരണസമിതി കാലാവധി തിരഞ്ഞെടുപ്പ് തീയ്യതി മുതൽ 5 വർഷമാക്കുന്നതിനും, ചില പ്രത്യേക വിഭാഗത്തിലുള്ള സംഘങ്ങളുടെ ഭരണ സമിതി തിരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലാക്കുന്നതിനും, ഭരണസമിതിയിലേക്ക് കോ-ഓപ്ഷൻ നടത്തുന്നത് സംബന്ധിച്ചും, താൽകാലിക ഒഴിവ് നികത്തുന്നത് സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ.

16) വകുപ്പ് 28 ബി : സംഘങ്ങളുടെ എല്ലാ തിരഞ്ഞെടുപ്പുകളും സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാക്കിക്കൊണ്ടും, ടി കമ്മീഷന്റെ ഘടന ചുമതല എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

17) വകുപ്പ് 29 : സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞ് 6 മാസത്തിനുള്ളിൽ പൊതു യോഗം കൂടണമെന്ന വ്യവസ്ഥയും പൊതു യോഗത്തിൽ ഉൾപ്പെടുത്തേണ്ട മറ്റ് വിഷയങ്ങൾ സംബന്ധിച്ചും, പൊതുയോഗം കൂടുന്നതിൽ ഭരണ സമിതിയുടെ ഉത്തരവാദിത്വം സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

18) വകുപ്പ് 31 : അപ്പെക്സ്, സെൻട്രൽ സംഘങ്ങളിലെ ഭരണ സമിതിയിലേക്കുള്ള സർക്കാർ നോമിനിയുടെ നിയമനം, സംബന്ധിച്ച വ്യവസ്ഥ.

19) വകുപ്പ് 32 : സംഘം ഭരണ സമിതികളെ സൂപ്പർ സീഡ് ചെയ്യുന്നതിന്റെ നിബന്ധനകളിലുള്ള ഭേദഗതി.

20) വകുപ്പ് 33 : അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ നിയമിക്കുന്നതിനുള്ള കാരണങ്ങളിൽ സംഘത്തിന്റെ ഭരണസ്തംഭനം ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ.

21) വകുപ്പ് 56 : സംഘങ്ങളുടെ ഓരോ വർഷത്തേയും അറ്റ ലാഭത്തിൽ നിന്നും 10% തുക കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ടിലേക്ക് വക മാറ്റുന്നത് സംബന്ധിച്ച്.

22) വകുപ്പ് 57 : നിക്ഷേപ ഗ്യരണ്ടി സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ.

23) വകുപ്പ് 57 ഡി : സഹകരണ റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ.

24) വകുപ്പ് 63 : ആഡിറ്റ് നടത്തുന്നതിന് സംഘം ഭരണ സമിതിക്കുള്ള ഉത്തരവാദിത്വം, ആഡിറ്റ് നടത്തേണ്ട സമയപരിധി, ആഡിറ്റർമാരുടെ നിയമനം, യോഗ്യത, ആഡിറ്റിന്റെ നടപടിക്രമം, ആഡിറ്റ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ

25) വകുപ്പ് 64 : സംഘത്തിന്റെ വാർഷിക കണക്കുകളും സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നത് ആഡിറ്റിന് സമർപ്പിക്കുന്നത്, ആഡിറ്റ് പൂർത്തി യാക്കുന്നത്, ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത്, എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ.

26) വകുപ്പ് 65 : വകുപ്പ് 65 പ്രകാരം നടത്തുന്ന അന്വേഷണത്തിന് സമയപരിധി നിശ്ചയിച്ചു കൊണ്ടുള്ള വ്യവസ്ഥ.

27) വകുപ്പ് 66 സി : വാർഷിക റിട്ടേൺഫയൽ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ.

28) വകുപ്പ് 69 : എല്ലാ ധനപരമായ തർക്കങ്ങളും ഫയൽ ചെയ്യുന്നതിനുള്ള സമയ പ രിധി നിശ്ചയിച്ചു കൊണ്ടുള്ള വ്യവസ്ഥ.

29) വകുപ്പ് 69 എ : സഹകരണ ഓംബു ഡ്സ്മാന്റെ പരിചയം സംബന്ധിച്ചുള്ള വ്യവസ്ഥ.

30) വകുപ്പ് 74 എ : എല്ലാ ക്രെഡിറ്റ് സംഘ ങ്ങൾക്കും ശാഖ ആരംഭിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി വേണമെന്ന വ്യവസ്ഥ.

31) വകുപ്പ് 79 : വകുപ്പ് 79 ൽ സർക്കാരി ലേക്കുള്ള കുടിശ്ശികയായുള്ള തുക ഈടാക്കുന്നതിന് ആഡിറ്റ് ഡയറക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

32) വകുപ്പ് 80 : വകുപ്പ് 80 പ്രകാരം സംഘം ജീവനക്കാരുടെ തസ്തിക, എണ്ണം എന്നിവ നിശ്ചയിക്കുന്നതോ മാറ്റം വരുത്തുകയോ ചെയ്യുന്നതു കൂടാതെ സംഘം ജീവനക്കാരുടെ പ്രതിഫലം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ മാക്സിമവും മിനിമവും നിർണ്ണയിക്കുന്നതിനും, മാറ്റം വരുത്തുന്നതിനും സർക്കാരിനെ അധികാര പ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

33) വകുപ്പ് 88 ബി : സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു ആഫീസറെ നിയമിക്കുന്ന തിനുള്ള വ്യവസ്ഥ.

**3. <u>2013</u> ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) നിയമം, (2013 ലെ 22-ാം നിയ മം)**

ഇതനുസരിച്ച് വകുപ്പ് 33 ൽ അഡ്മിനിസ്ട്രേ റ്റേഴ്സ് എന്നതിനു പകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളെ സംബന്ധിച്ചും; ബാങ്കിംഗ് ഇതര ആസ്തികളുടെ വിറ്റഴി ക്കൽ സംബന്ധിച്ച് വകുപ്പ് 65 എ- യിലും, സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരം പകർന്ന് നൽകു ന്നത് സംബന്ധിച്ച് വകുപ്പ് 63 ലും, കേരള സഹകരണ ജീവനക്കാരുടെ ക്ഷേമ പദ്ധതി സംബന്ധിച്ച് വകുപ്പ് 80 സി യിലും, സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ് സംബന്ധിച്ച് വകുപ്പ് 80 ഡി യിലും,

ടി ബോർഡിന്റെ ആസ്തികളുടെ കൈമാറ്റവും നിയന്ത്രണവും സംബന്ധിച്ച് വകുപ്പ് 80 ഇ യിലും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**4. കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2014 (2014-ലെ 14-ാം നമ്പർ നിയമം**

ജില്ലാ സഹകരണ ബാങ്കിന്റെ നിർവ്വചനത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വകുപ്പ് 2 (ia) യിലും, ജില്ലാ സഹകരണ ബാങ്കിൽ വ്യക്തിഗത നിക്ഷേപകർക്കും, വായ്പാക്കാർക്കും നോമിനൽ അംഗത്വം നൽകുന്നതിന് വകുപ്പ് 18 ലും സഹകരണ ബോർഡുകളിലെ ജീവനക്കാരെ കൂടി സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് 80 A യിലും 2014 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

**5. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ഭേദഗതി**

സഹകരണ ആർബിട്രേഷൻ കോടതി പ്രിസൈഡിംഗ് ആഫീസറുടെ യോഗ്യത സംബന്ധിച്ച് ചട്ടം 67 (4) ലും, ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പുതിയ ക്രമ നമ്പർ നൽകുന്നതിന് ചട്ടം 15 ലും, രണ്ട് വായ്പാ സംഘങ്ങളിൽ അംഗത്വം നിരോധിച്ചു കൊണ്ടുള്ള ചട്ടം 27 ൽ നിന്നും ഹൗസിംഗ് സംഘങ്ങളെ ഒഴിവാക്കുന്നതിനും, രജിസ്റ്റേർഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റ്/അംഗീകൃത കൊറിയർ സർവ്വീസ് എന്നിവ ഉൾപ്പെടുത്തി കൊണ്ട് ചട്ടം 35, 35 എ എന്നിവയിലും, ജില്ലാ ബാങ്ക് തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ചട്ടം 35 ഡി യിലും, വിദ്യാഭ്യാസ ഫണ്ട് സംബന്ധിച്ച് ചട്ടം 53 ലും ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫീസ് നിശ്ചയിച്ചുകൊണ്ട് ചട്ടം 178 എ യിലും, സഹകരണ എക്സാമിനേഷൻ ബോർ ഡ് മെമ്പർമാരുടെ സേവന വേതനം സംബന്ധിച്ച് ചട്ടം 182 ബി യിലും, സംഘം ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച് ചട്ടം 185 (8) ലും, ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് ചട്ടം 186 ലും, ലീവ് റൂൾസ് സംബന്ധിച്ച് ചട്ടം 190 ലും, ജില്ലാ ബാങ്ക് ക്ലാസിഫിക്കേഷൻ, അധിക തസ്തികകൾ, പ്രാഥമിക വായ്പാ സംഘങ്ങളിൽ സൂപ്പർ ഗ്രേഡ്, പാർട്ട് ടൈം സ്വീപ്പർ തസ്തിക എന്നിവ അപ്പന്റിക്സ് III ൽ ഉൾപ്പെടുത്തുന്നതിനും, ചട്ടം 44 ൽ അടുത്ത ബന്ധു എന്നതിന്റെ നിർവചനത്തിൽ ഭേദഗതി വരുത്തുന്നതിനും, ആഡിറ്റ് ഫീസിൽ ഭേദഗതി വരുത്തുന്നതിന് ചട്ടം 65 ലും 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

കൂടാതെ അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ, വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്കുകൾ പുതുക്കൽ,

അഫിലിയേഷൻ ഫീസ് പുതുക്കൽ, എന്നിവയും 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിന് അനുസൃതമായുള്ള ചട്ടങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രാഥമിക സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 753.817 ലക്ഷം രൂപയും മണ്ണ് പരിശോധനാ ലാബ് ടിഷ്യൂ കൾച്ചർ എന്നിവയ്ക്കായി 360 ലക്ഷം രൂപയും അനുവദിച്ചു.

2) ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിനായി 26.10 കോടി രൂപ അനുവദിച്ചു.

3) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീം പ്രകാരം 854.91 ലക്ഷം രൂപ അനുവദിച്ചു.

4) സംഘങ്ങളുടെ കീഴിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 1118.99 ലക്ഷം രൂപ അനുവദിച്ചു.

5) കൊപ്രാ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 995.88 ലക്ഷം രൂപയും, നെല്ല് സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയും അനുവദിച്ചു.

6) കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) പദ്ധതിയിനത്തിൽ 1543 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 911.10 ലക്ഷം രൂപയും അനുവദിച്ചു.

7) ആശുപത്രി സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. പദ്ധതി പ്രകാരം 9625.93 ലക്ഷം രൂപയും സംസ്ഥാന പദ്ധതി പ്രകാരം 1090.34 ലക്ഷം രൂപയും അനുവദിച്ചു.

8) വനിതാ സഹകരണ സംഘങ്ങൾക്ക് 729.99 ലക്ഷം രൂപയും എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് 1104.83 ലക്ഷം രൂപയും അനുവദിച്ചു.

9) കൺസ്യൂമർഫെഡിന് പദ്ധതിയിനത്തിൽ 51.34 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 229.50 കോടി രൂപയും അനുവദിച്ചു.

10) സംസ്ഥാന സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 286 കോടി രൂപ അനുവദിച്ചു.

11) സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്ക് 5 കോടി രൂപ അനുവദിച്ചു.

12) ഐ.സി.ഡി.പി. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കി.

സെക്ഷൻ ഓഫീസർ